**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *117** 08/02/2013 ൽ മറുപടിയ്ക്ക്

**സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.പി.സി. ജോർജ്<br>,, എം.വി. ശ്രേയാംസ് കുമാർ | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത്, നിലവിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന സ്കൂളുകൾ എത്രയുണ്ടെന്ന് അറിയിക്കുമോ ; | (എ) | 20 മുതൽ 40 വരെ കുട്ടികൾക്ക് ഒരു യൂറിനലും 80 മുതൽ 120 വരെ കുട്ടികൾക്ക് ഒരു ടോയ്‌ലറ്റും എന്ന അനുപാതത്തിൽ സർക്കാർ സ്കൂളുകളിൽ 7809 യൂറിനൽ യൂണിറ്റിന്റെയും 539 ടോയ്‌ലറ്റ് യൂണിറ്റിന്റേയും 194 സ്കൂളിൽ കുടിവെള്ളത്തിന്റെയും കുറവുണ്ട്. എയ്ഡഡ് സ്കൂളുകളിൽ 7815, 1596, 43 എന്ന ക്രമത്തിൽ യൂറിനൽ, ടോയ്‌ലറ്റ്, കുടിവെള്ളം എന്നിവയുടെ കുറവുണ്ട്. |
| ബി) സ്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പു വരുത്തണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്സ്.എസ്സ്.എ, ആർ.എം.എസ്സ്.എ, ശുചിത്വമിഷൻ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും സ്കൂൾ സന്ദർശനവേളകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പി.ടി.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.പി./എം.എൽ.എ ഫണ്ടുകൾ, എസ്സ്.എസ്സ്.എ, ആർ.എം.എസ്സ്.എ, ശുചിത്വമിഷൻ തുടങ്ങിയവയുടെ ഫണ്ടുകളും ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സർക്കാർ സ്കൂളുകളിൽ ടോയ്‌ലറ്റ്, യൂറിനൽ, കുടിവെള്ള ലഭ്യത എന്നിവയുടെ നിർമ്മിതിക്കായി 19.20 കോടി രൂപക്കുള്ള ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | സ്കൂളുകളിലെ കുട്ടികളുടെ എണ്ണ ത്തിന് ആനുപാതികമായി കുടി വെള്ള യൂണിറ്റ്, പ്രാഥമിക സൗകര്യങ്ങൾ എന്നിവ അടുത്ത അധ്യയന വർഷം ആരംഭിയ്ക്കുന്ന തിന് മുൻപ് തന്നെ ഏർപ്പെടു- ത്താൻ, നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ